ഖുത്വ്ബ നമ്പർ
**13**
**29-03-2013**

بسم الله الرحمن الرحيم ○ نحمده ونصلي على رسوله الكريم ○ وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز
**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**

# ആരാധനയുടെയും ത്യാഗത്തിന്റെയും ഉത്തമ മാർഗങ്ങൾ പഠിക്കുക.

وَاِذْ يَرْفَعُ اِبْرٰهٖمُ الْقَوَاعِدَ مِنَ الْبَيْتِ
وَاِسْمٰعِيْلُ ؕ رَبَّنَا تَقَبَّلْ مِنَّا ؕ اِنَّكَ اَنْتَ
السَّمِيْعُ الْعَلِيْمُ ﴿۱۲۸﴾
رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِنْ ذُرِّيَّتِنَآ
اُمَّةً مُّسْلِمَةً لَّكَ ۪ وَاَرِنَا مَنَاسِكَنَا وَتُبْ
عَلَيْنَا ۚ اِنَّكَ اَنْتَ التَّوَّابُ الرَّحِيْمُ ﴿۱۲۹﴾

(2:128,129)

ഈ വചനങ്ങളുടെ അർത്ഥം ഇപ്രകാരമാകുന്നു, ഇബ്റാഹീമും ഇസ്മാഈലും ആ സവിശേഷമന്ദിരത്തിന്റെ അസ്ഥിവാരം പടുത്തുയർത്തുകയായിരുന്ന സന്ദർഭത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി. ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്ന് നീ സ്വീകരിക്കേണമേ! നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണല്ലോ. ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേൽപ്പിക്കുകയും ചെയ്യേണമേ! ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചു തന്നു കൊണ്ട് ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ! നിശ്ചയമായും നീ ധാരാളം പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു.

اَلْحَمْدُ لِلّٰه ഇന്ന് നമുക്ക് സ്പെയിനിൽ രണ്ടാമത്തെ അഹ്മദിയ്യാ പള്ളി നിർമ്മിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു കൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് ഇത് രണ്ടാമത്തെ പള്ളി പണിയുന്നതിനുള്ള സന്ദർഭമാണ് ലഭിച്ചിരിക്കുന്നത്. ഏകദേശം 7 വർഷം മുമ്പ് ഞാൻ പെട്രോബാദിലെ മസ്ജിദ് ബശാറത്തിൽ വെച്ച് കൂടുതൽ പള്ളികൾ പണിയുന്നതിലേക്ക് ഊന്നൽ നൽകിയിരിന്നു. അപ്പോൾ എടുത്ത തീരുമാനം വലൻസിയയിൽ പള്ളി നിർമ്മിക്കുക എന്നതായിരുന്നു. ഈ പ്രദേശങ്ങളിൽ അഹ്മദികളുടെ എണ്ണത്തേക്കാൾ കൂടുതൽ പള്ളി പണിയുന്നതിലുള്ള എന്റെ ഉദ്ദേശ്യത്തിനും അതിന്റെ പ്രാധാന്യത്തിനും ചില കാരണങ്ങളുണ്ടായിരുന്നു. ഇവിടെ അഹ്മദികളുടെ അംഗസംഖ്യ ഏകദേശം 130 ആണ്. മറ്റ് ചില സ്ഥലങ്ങളിൽ അതിൽ കൂടുതലുണ്ടാകാം. ഏതായിരുന്നാലും മസ്ജിദ് ബശാറത്തിനു ശേഷം നിർമ്മിക്കാൻ ഉദ്ദേശിച്ച പള്ളി ഇവിടുത്തെ ചരിത്രപ്രാധാന്യത്തെ കണക്കിലെടുത്തായിരുന്നു. ഏകദേശം 30 വർഷങ്ങൾക്ക് ശേഷമാണ് അഹ്മദിയ്യാ ജമാഅത്തിന് രണ്ടാമത്തെ ഈ പള്ളി നിർമ്മിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചിരിക്കുന്നത്. ഈ കാലത്തിനിടയിൽ ഈ രാജ്യത്തേക്ക് മുസ്ലീംകളുടെ വരവും വളരെയധികം വർദ്ധിച്ചു. അവർ പള്ളിയും നിർമ്മിച്ചിട്ടുണ്ട്. ഏതായിരുന്നാലും മസ്ജിദ് ബശാറത്ത് കാരണം ഒരു മാർഗ്ഗം തുറന്നു കിട്ടുകയുണ്ടായി. 700 വർഷങ്ങൾക്ക് ശേഷം പ്രഥമപള്ളി പണിയുന്നതിനുള്ള തൗഫീഖ് അല്ലാഹു അഹ്മദിയ്യാ ജമാഅത്തിനാണ് നൽകിയത്. ഇവിടുത്തെ പ്രാധാന്യം വിവരിക്കുന്നതിനു മുമ്പായി ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഇപ്പോൾ ഇവിടുത്തെ മുസ്ലിംകളുടെ സംഖ്യ ഒരു മില്ല്യന് അടുത്താണ്. 2030 എത്തുമ്പോഴേക്കും അതായത് അടുത്ത 20 വർഷത്തിൽ, ഇവരിൽ 80,85% വളർച്ചയുണ്ടായി 2 മില്യൻ വരെയെത്തുമെന്നതാണ് ധാരണ. ഇന്നേക്ക് 30 വർഷങ്ങൾക്കു മുമ്പ് ആയിരത്തോളം പേരായിരുന്നു ഉണ്ടായിരുന്നത്. അതിപ്പോൾ ഒരു മില്ല്യണായി. ഇതിൽ ഭൂരിഭാഗവും വടക്കേ ആഫ്രിക്കയിൽ നിന്നും, മൊറാക്കോ, അൾജീരിയാ തുട ങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള വിദേശികളാണ്. കൂടാതെ ഇതിൽ പുരാതന മുസ്ലിം ഗോത്രങ്ങളിൽ പെട്ടവരും ഉണ്ടെന്ന് പറയപ്പെടുന്നു. ഒരു നീണ്ടകാലം വരെ അവർ തങ്ങളുടെ ഇസ്ലാമിനെ സംരക്ഷിച്ചു നിർത്തുകയായിരുന്നു. ഇന്നേക്ക് ഏകദേശം 700 വർഷങ്ങൾക്കു മുമ്പ് അവർ ബലാൽക്കാരമായി മുസ്ലിമിൽ നിന്ന് കൃസ്തീയരാക്കപ്പെട്ടവരായിരുന്നു. നിർബന്ധപൂർവ്വം കൃസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കപ്പെട്ടതോ അല്ലെങ്കിൽ അവരുടെ സന്താനങ്ങളെ കൃസ്തീയരാക്കുകയോ ചെയ്ത ഗോത്രങ്ങളിൽ നിന്നും ആയിരക്കണക്കിന് ആളുകൾ വീണ്ടും മുസ്ലീംകളായിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്പെയിനിൽ വീണ്ടും ഇസ്ലാം ദൃശ്യമാകാൻ തുടങ്ങുകയും ധാരാളം മുസ്ലിംകളെ കാണാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഞാൻ പറഞ്ഞതു പോലെ ഇതിന്റെ ആരംഭം അഹ്മദിയ്യാ ജമാഅത്ത് മുഖേനയാണ് ഉണ്ടായത്. എന്നാൽ മസീഹെ മുഹമ്മദിയുടെ ദാസർ തങ്ങളുടെ പ്രാധാന്യത്തെ മനസ്സിലാക്കി കൊണ്ട് ഇതിലേക്ക് ശ്രദ്ധിക്കുകയും ഇസ്ലാമിന്റെ സുന്ദര സന്ദേശത്തെ ഇവിടുത്തെ ഓരോ വ്യക്തിയിലേക്കും എത്തിക്കാൻ ശ്രമിക്കുമ്പോ

ഴുമാണ് യഥാർത്ഥ ഇസ്‌ലാം ദൃശ്യമാകുന്നത്. ഒരു പക്ഷേ എന്റെ വാക്കു കേട്ട് നിങ്ങളിൽ നിന്ന് ചിലർ പറയും -ചിലർ നിരാശചിന്താഗതിക്കാരാണ്- ഇവിടെ അഹ്‌മദികൾ വളരെ കുറവാണ്. എങ്ങിനെയാണ് ഞങ്ങൾക്ക് എല്ലായിടത്തും എല്ലാവരിലേക്കും സന്ദേശം എത്തിക്കുവാൻ കഴിയുക? എന്നാൽ ദൃഢവിശ്വാസത്തോടും വർദ്ധിതവീര്യത്തോടും കൂടി ശ്രമിക്കുകയാണെങ്കിൽ എത്ര പേരുണ്ടോ അവർക്ക് തന്നെ നല്ലൊരു ശതമാനം പേരിലേക്ക് അഹ്‌മദിയ്യത്തിന്റെ സന്ദേശവും യഥാർത്ഥ ഇസ്‌ലാമും എത്തിക്കാൻ സാധിക്കുന്നതാണ്. ഇതിനായി ആവർത്തിച്ച് പറഞ്ഞിട്ട് പോലും ആസൂത്രണമില്ല, കൂടാതെ പരിശ്രമവുമില്ല. തൽഫലമായി നമുക്ക് കരസ്ഥമാകേണ്ടിയിരുന്ന ലക്ഷ്യം കരസ്ഥമായില്ല. കേന്ദ്രം നൽകിയതോ, ഞാൻ നൽകിയതോ അല്ലെങ്കിൽ എനിക്ക് മുമ്പ് ഖലീഫത്തുൽ മസീഹ് റാബിഅ് നൽകിയതോ ആയ ആസൂത്രണങ്ങളെ പ്രവർത്തിപഥത്തിൽ കൊണ്ടുവന്നില്ല.

കോർഡോബ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകുന്നവർക്ക് സ്പഷ്ടമായി ദൃശ്യമാകുന്ന തരത്തിൽ മസ്ജിദ് ബശാറത്ത് റോഡരികിലാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അഥവാ പരിചയപ്പെടുത്തുന്നതിനായി എന്തെങ്കിലും മാർഗ്ഗം കണ്ടെത്തിയിരുന്നെങ്കിൽ ധാരാളം പേർക്ക് പരിചയപ്പെടുന്നതിനുള്ള അവസരം ലഭിച്ചേനെ. നല്ല പ്രവർത്തനം കാഴ്ച വെക്കുന്ന ചില ജമാഅത്തുകൾ വളരെ തുഛമായ അംഗങ്ങളായിരുന്നിട്ടും അസാധാരണമായ നിലയിൽ അഹ്‌മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തുകയുണ്ടായി. ലീഫ്‌ലെറ്റുകൾ മുഖേന ഇസ്‌ലാമിന്റെയും അഹ്‌മദിയ്യത്തിന്റെയും പരിചയം വളരെയധികം ജനങ്ങളിലേക്ക് എത്തിക്കുകയുണ്ടായി. പെഡ്രോബാദ് പള്ളിയിൽ അന്യരും സന്ദർശത്തിനായി വരുന്നുണ്ട്. റിപ്പോർട്ടുകളിൽ പരാമർശിക്കാറുണ്ട്. ചിലർ സംഘങ്ങളായും എത്താറുണ്ട്. എന്നാൽ ഒരു ആവേശത്തോടും വികാരത്തോടും കൂടി പ്രവർത്തിച്ചിരുന്നെങ്കിൽ ആ പ്രദേശത്ത് ജമാഅത്തിനെ കുറിച്ച് വളരെയധികമായി പരിചയപ്പെടുത്താൻ സാധിക്കുമായിരുന്നു. സംഘടിത വ്യവസ്ഥിതികൾ പോലുമില്ലാത്ത മറ്റു മുസ്‌ലിം കക്ഷികൾക്ക് കൃസ്തുമതത്തിലേക്ക് ബലാൽകാരമായി തള്ളിയിട്ട സ്പെയ്നിലെ പഴയ കുടുംബങ്ങളിലെ തലമുറകളിൽ നിന്ന് 20,000 ാളം പേരെ വീണ്ടും ഇസ്‌ലാമിലേക്ക് കൊണ്ടുവരാൻ സാധിച്ചുവെങ്കിൽ യഥാർത്ഥ ഇസ്‌ലാമായ നമ്മുടെ തബ്‌ലീഗിന്റെ ഫലമായി എന്തുകൊണ്ട് വലിയ തോതിൽ ഇസ്‌ലാമിലേക്ക് വരുന്നില്ല? നാം സ്പെയ്നിലേക്ക് ഇസ്‌ലാമിന്റെ തിരിച്ചുവരവിനുള്ള മാർഗ്ഗം തുറക്കുകയുണ്ടായി. എന്നാൽ ആ മാർഗ്ഗത്തെ ഒരു ദൃഢവിശ്വാസത്തോടും വികാരാവേശത്തോടും കൂടി ഉപയോഗപ്പെടുത്തിയില്ല. മറ്റുള്ളവർ അതിനെ പ്രയോജനപ്പെടുത്തി.

അതിനാൽ, ഇനിയും സമയമുണ്ട്. സ്പെയ്നിൽ വസിക്കുന്ന അഹ്‌മദികളും ഭാരവാഹികളും, ഓരോ വിഭാഗത്തിന്റെയും ഭാരവാഹികളും, ഓരോ സംഘടനകളുടേയും ഭാരവാഹികളും സ്വന്തം ഉത്തരവാദിത്വത്തെ മനസിലാക്കുകയും സ്വയം ടാർഗറ്റ് നിശ്ചയിച്ച് അതിനെ കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുക. നാം സമർപ്പിക്കുന്ന സുന്ദരമായ, യഥാർത്ഥ ഇസ്‌ലാം ഇന്ന് ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാണ്.

ബലാൽക്കാരമായി മുസ്‌ലിമിൽ നിന്ന് കൃസ്ത്യനികളാക്കിയ പഴയ ഗോത്രക്കാരോട്, നിങ്ങളുടെ പൂർവ്വികരോട് ചെയ്ത അക്രമത്തിനും നീതിക്കും പകരം ചോദിക്കേണ്ട സമയം സമാഗതമായിരിക്കുന്നു എന്ന് പറയുക. എന്നാൽ നിർബന്ധപൂർവ്വമോ അക്രമപരമോ അല്ല പകരം ചോദിക്കേണ്ടത്. ഇസ്‌ലാമിന്റെ അദ്ധ്യാപനം لَآ اِكْرَاهَ فِي الدِّيْنِ (2: 257) ന്റെ അദ്ധ്യാപനമാണ്. ഇതിൽ യാതൊരു ബലാൽക്കാരവുമില്ല, യാതൊരു നിർബന്ധവുമില്ല. അത് അക്രമം പ്രവർത്തിച്ചവരുടെ അദ്ധ്യാപനമായിരിക്കാം. ഇസ്‌ലാമിന്റെ അദ്ധ്യാപനമല്ല. ഏതെങ്കിലും സമുദായത്തോട് ശത്രുത പുലർത്തികൊണ്ട് പകരം ചോദിക്കണമെന്ന് ഇസ്‌ലാം പറയുന്നില്ല. അല്ലാഹു പറയുന്നു, ഏതെങ്കിലും സമുദായത്തോടുള്ള ശത്രുത നിങ്ങളെ നീതി നടപ്പിലാക്കുന്നതിൽ നിന്ന് തടയരുത്. മറിച്ച് പറയുന്നു, اِعْدِلُوْا هُوَ اَقْرَبُ لِلتَّقْوٰى وَاتَّقُوا اللّٰهَ اِنَّ اللّٰهَ (5:9). നിങ്ങൾ നീതി പുലർത്തുക. അത് ദൈവഭക്തിയോട് കൂടുതൽ സമീപസ്ഥമാണ്. അല്ലാഹുവിനെ ഭയപ്പെടുക. ദൈവഭക്തിയാണ് നിങ്ങൾക്ക് അല്ലാഹുവിന്റെ സാമീപ്യം നേടിത്തരുന്നത്. കാരണം അല്ലാഹു ദൈവഭക്തരെ ഇഷ്ടപ്പെടുന്നു.

ഇവിടെ ശത്രുതയുടെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. ഇവിടെ സ്വന്തം സമുദായമാണ്. അതിനാൽ സ്വന്തം സമുദായത്തിലേക്ക് ഈ സ്നേഹസന്ദേശം എത്തിക്കേണ്ടതുണ്ട്. ആദ്യം സ്വയം ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനം സ്വായത്തമാക്കുക. പിന്നീട് ഈ സുന്ദരമായ അദ്ധ്യാപനങ്ങളാൽ ഇവിടെയുള്ള ഓരോരുത്തരുടേയും ഹൃദയത്തെ ജയിച്ചടക്കിക്കൊണ്ട് പകരം ചോദിക്കുക എന്നാണ് നമുക്കവരോട് പറയാനുള്ളത്. ബലാൽക്കാരമായോ അത്യാഗ്രഹത്താലോ അല്ലെങ്കിൽ ഭയത്താലോ **ലാഇലാഹ ഇല്ലല്ലാ**യുടെ സ്നേഹം ഏതെല്ലാം ഹൃദയങ്ങളിൽ നിന്ന് നിഷ്കാസനം ചെയ്യപ്പെട്ടിരുന്നുവോ, നിർബന്ധപൂർവ്വം അല്ലാഹുവിന് പങ്കാളികളെ നിശ്ചയിക്കുന്ന അദ്ധ്യാപനം നൽകിയിരുന്നുവോ അവരുടെ ഹൃദയങ്ങളിൽ ഏകനായ അല്ലാഹുവിന്റെയും മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെയും സ്നേഹം ജനിപ്പിക്കുക. അതായത് ആരുടെ കാരുണ്യമാണോ എല്ലാവസ്തുക്കളെയും വലയം ചെയ്തിരിക്കുന്നത് ആ അല്ലാഹുവിന്റെയും, മുഴുലോകത്തിന്റെയും കാരുണ്യമായ മുഹമ്മദ് റസൂലുല്ലാഹ് (റ) യുടെയും സ്നേഹം. നാം പൊതുവിൽ തബ്‌ലീഗ് ചെയ്യുന്നിടത്തും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നിടത്തുമെല്ലാം അങ്ങിനെയുള്ള ഗോത്രങ്ങളെ സംബന്ധിച്ച് അന്വേഷിക്കുക. പിന്നീട് അവരിൽ അവരുടെ യഥാർത്ഥ ദീനിന്റെ സ്നേഹം പുതിയ നിലയിൽ സംജാതമാക്കി അവരെ വിജയികളായ മുബല്ലിഗ്മാരാക്കി മാറ്റുക. ഇതാണ് നിങ്ങളുടെ ഉത്തരവാദിത്വം.

ഞാൻ പറഞ്ഞത് പോലെ വലൻസിയയുടെ ചരിത്രപ്രാധാന്യം കാരണത്താലാണ് ഞാനിവിടെ പള്ളി നിർമ്മിക്കുന്നതിനുള്ള നിർദേശം നൽകിയത്. കാരണം സ്പെയിനിൽ അക്രമിയായ രാജാവ് മുസ്‌ലിംകളെ ബലാൽകാരമായി കൃസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിപ്പിച്ചപ്പോൾ, വാലൻസിയയിൽ മുസ്‌ലിംകളോട് മോശമായി പെരുമാറിയിട്ടും അവർ അറബി സംസാരിക്കുകയും ഇസ്‌ലാമിക ആചാരനുഷ്ടാനങ്ങളെ നിലനിർത്തുകയും ചെയ്തുപോന്നു. പൊതുവിൽ മുസ്‌ലിംകൾ തങ്ങളുടെ ആരാധനകൾ അനുഷ്ടിക്കുകയും

സാധാരണ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ നിലനിർത്തുകയും ചെയ്തിരുന്നു. മറ്റിടങ്ങളിലുള്ള മുസ്‌ലിംകൾ ഗ്രൂപ്പുകളായിട്ടായിരുന്നു വസിച്ചിരുന്നെങ്കിലും ഇസ്‌ലാം പ്രകടമാവുന്ന തരത്തിലുള്ള യാതൊന്നും തന്നെ ചെയ്തിരുന്നില്ല. അക്കാരണത്താൽ 17 ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അക്കാലഘട്ടത്തിലെ രാജാവ് മുസ്‌ലിംകളെയും അല്ലെങ്കിൽ കുടുംബം മുമ്പ് മുസ്‌ലിംകളായിരുന്നവരെയും സ്പെയിനിൽ നിന്ന് പുറത്താക്കാനുള്ള ഉദ്യമം വീണ്ടും ആരംഭിച്ചപ്പോൾ ആദ്യം വലൻസിയയിൽ നിന്നാണ് തുടങ്ങിയത്. കാരണം ഇവിടെയുള്ള മുസ്‌ലിംകൾ തങ്ങളുടെ ദീനിൽ ഉറച്ചുനിന്നു കൊണ്ട് പ്രവർത്തിച്ചിരുന്നു. കഴിയുന്നിടത്തോളം പ്രാവർത്തികമാക്കാൻ ശ്രമിച്ചിരുന്നു. അന്നേരം ഇവിടെയുള്ള മുസ്‌ലിംകളുടെ സാമ്പത്തികാവസ്ഥ വളരെ പരിതാപകരമായിരുന്നു. അവരെ വലിയ വലിയ പട്ടണങ്ങളിൽ നിന്ന് പുറത്താക്കി ചെറിയ ചെറിയ ഗ്രാമങ്ങളിൽ താമസിപ്പിക്കുകയായിരുന്നു. തുച്ഛമായ സമ്പത്തായിരുന്നു അവരുടെ പക്കലുണ്ടായിരുന്നത്. ദാരിദ്രമായിരുന്നു. എന്നിട്ടും അവർക്ക് ഇസ്‌ലാമിനോട് ബന്ധമുണ്ടായിരുന്നു.

ഏതായാലും വിവിധ സൈന്യങ്ങൾ ഇവിടെ വന്നു കൊണ്ടിരുന്നു ഇറ്റാലിയൻ സൈന്യവും വന്നു. അവർ മുസ്‌ലിംകളെ ഇരയാക്കി. എന്നാൽ തീരുമാനമനുസരിച്ച് ഈ അക്രമങ്ങൾക്കു ശേഷം ചിലരെ രാജ്യത്ത് നിന്ന് പുറത്താക്കി. അവരുടെ കുട്ടികളെ കൃസ്തീയരുടെ പക്കൽ ഏൽപ്പിച്ചു. അവർ ആ കുട്ടികളെ സ്വന്തം വീട്ടിൽ വളർത്തി. എന്നാൽ സ്വന്തം കുട്ടികളെ പോലെയല്ല മറിച്ച്, വേലക്കാരെയും അടിമകളെയും പോലെ. ചുരുക്കത്തിൽ ഇസ്‌ലാമിൽ നിന്ന് പിഴുതെടുക്കപ്പെട്ട കുട്ടികൾ, അവർ മുസ്‌ലിം വീടുകളിൽ ജനിച്ചവരും മുസ്‌ലീംകളുമായിരുന്നു. അവർ അവരുടെയോ മാതാപിതാക്കളുടെയോ അനുമതിയില്ലാതെ ഏകദൈവാരാധനയിൽ നിന്ന് തടയപ്പെട്ടു. അതിനു പകരം ത്രിത്വത്തിൽ വിശ്വസിക്കുവാൻ നിർബന്ധിതരാക്കി. ഇന്ന് ആ കുട്ടികളുടെ തലമുറയെ വീണ്ടും ഏകദൈവത്തെ ആരാധിക്കുന്നവരാക്കി മാറ്റുക എന്നതാണ് നമ്മുടെ ജോലി. അവരെ മാത്രമല്ല, ഇവിടെ വസിക്കുന്ന ഓരോരുത്തരെയും. മനുഷ്യത്വത്തോടുള്ള സ്നേഹത്താൽ നമുക്കവരോട് സ്നേഹമുണ്ട്. നാം മനുഷ്യത്വത്തെ സ്നേഹിക്കുന്ന കാരണത്താൽ ഇവിടുത്തെ ഓരോ പട്ടണവാസിയോടും നമുക്ക് സ്നേഹമുണ്ട്. മനുഷ്യത്വത്തോടുള്ള സ്നേഹത്താൽ നാം നമുക്കായി ഇഷ്ടപ്പെടുന്നത് അവർക്ക് വേണ്ടിയും ഇഷ്ടപ്പെടുന്നു. അക്കാരണത്താൽ അവരെ ഏകദൈവ വിശ്വാസിയാക്കികൊണ്ട് ഭൗതികലോകവും പരലോകവും ശരിയാകുന്നവരാക്കി മാറ്റുന്നതാണ്. ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ കാലം ഇസ്‌ലാമിനെ സുരക്ഷിതമാക്കി വെക്കാനും നിലനിർത്താനും ശ്രമിച്ചതിനാൽ പ്രത്യേകിച്ച് പരിശ്രമിക്കേണ്ടതാണ്. ഏറ്റവും ഒടുവിൽ 4 നൂറ്റാണ്ടുകൾക്കുമുമ്പാണ് ഇവിടുന്ന് മുസ്‌ലീംകളെ പുറത്താക്കിയതെന്നാണ് അല്ലെങ്കിൽ മുസ്‌ലിംകളുടെ തലമുറയെ നശിപ്പിക്കാൻ ശ്രമിച്ചതെന്നാണ് വിശ്വസിക്കുന്നത്.

നൂറ്റാണ്ടുകളോളം ഇവിടെ മുസ്‌ലിം ഭരണം നില നിന്നതിനു ശേഷം അതിന്റെ അധ:പതനം സ്വയം മുസ്‌ലിംകളുടെ അത്യാഗ്രഹത്താലും ഗൂഢപദ്ധതികളാലുമാണ് ഉണ്ടായതെന്നതിൽ യാതൊരു സംശയവുമില്ല. നാമമാത്രമായിട്ടുള്ള ഖിലാഫത്തായിരുന്നിട്ടും അതിനോടും കൂറ് പുലർത്തിയില്ല. രാജാവായ ഖലീഫ തന്റെ ഉത്തരവദിത്വത്തെ നിറവേറ്റിയില്ല. അദ്ദേഹത്തിന്റെ പ്രമാണിമാരും അമീറുമാരും തങ്ങളുടെ ഉത്തരവാദിത്വത്തെ നിറവേറ്റിയില്ല. പിന്നീട് ഓരോരുത്തരും അവരുടെ നിലക്കനുസരിച്ച് പള്ളിയുണ്ടാക്കി. വിവിധ പള്ളികളുണ്ടാക്കി തങ്ങളുടെ ഭരണം സ്ഥാപിക്കാൻ ശ്രമം നടത്തി. പിന്നീട് സ്വാർത്ഥതയ്ക്കുണ്ടാകുന്ന പരിണിതഫലമായിരുന്നു അതിനും ഉണ്ടായത്. എന്നാൽ ഇപ്പോൾ ഖാത്തമുൽ ഖുലഫായായ മസീഹ് മുഹമ്മദീ, നബി (സ) യുടെ ഖിലാഫത്തെ റാശിദയ്ക്കു ശേഷം യഥാർത്ഥ ധ്വജവാഹകരായ, ഖാത്തമുൽ ഖുലഫായയായ മുഹമ്മദീ മസീഹിൽ വിശ്വസിക്കുന്നവരുടെ ജോലി, നഷ്ടപ്പെട്ട ഈ അഭിമാനത്തെ വീണ്ടും ഈ പ്രദേശത്ത്, രാജ്യത്ത് സ്ഥാപിക്കുക എന്നതാണ്. മാത്രമല്ല, **ലാഇലാഹ ഇല്ലല്ലാഹി**ന്റെ യഥാർത്ഥ്യത്തെ ലോകത്തിന് പരിചയപ്പെടുത്തുകയും അതിന്റെ യാഥാർത്ഥ്യം ലോകത്തോട് പറയേണ്ടതുമാണ്.

അല്ലാഹു നമുക്ക് ഈ പ്രദേശത്ത് നമ്മുടെ പള്ളി നിർമ്മിക്കുന്നതിനുള്ള തൗഫീഖ് നൽകി. സ്ഥലവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉചിതമായ സ്ഥലത്താണ് ലഭിച്ചത്. ഈ പള്ളിയും റോഡിൽ നിന്ന് കാണാവുന്നതാണ്. റോഡിന്റെ അരികിൽ തന്നെയാണ്. എന്നാൽ പട്ടണത്തിലെ പുതിയ ജനസാന്ദ്രതയുള്ള സ്ഥലത്തുമാണ്. നല്ല ചുറ്റുപാടാണ്. അയൽവാസികളും മാന്യരാണ്. അല്ലാഹു നല്ല അയൽക്കാരെയാണ് നൽകിയിരിക്കുന്നത്. ഇതും അല്ലാഹുവിന്റെ ഒരു ഔദാര്യമാണ്. അതിനാൽ ഇതിനെ നാം പ്രയോജനപ്പെടുത്തേണ്ടതാണ്. വഴിയരികിൽ മനോഹരമായ പള്ളി നിർമ്മിച്ചു എന്നതിൽ മാത്രം സന്തോഷിക്കരുത്. സ്വന്തം അവസ്ഥകളെ ശ്രദ്ധിക്കുക. സ്വന്തം ആരാധനകളെയും ശ്രദ്ധിക്കുക. സ്വന്തം ഉത്തരവാദിത്വങ്ങളെയും ശ്രദ്ധിക്കേണ്ടതുണ്ട്. ഞാൻ പാരായണം ചെയ്ത ഈ വചനത്തിൽ ഹദ്റത് ഇബ്റാഹീം (അ) ഉം ഹദ്റത് ഇസ്മാഈൽ (അ) ഉം മനോഹരമായ ഈ ദൈവീകഭവനം നിർമ്മിച്ചതിന് ശേഷം അതിന്റെ അവകാശം നിറവേറ്റുന്നതെങ്ങിനെയെന്ന് നമ്മോട് പറയുന്നു. അതോടൊപ്പം അവകാശം നിറവേറ്റുന്നതിനായി ദു:ആയുടെ രീതിയും അതിലേക്ക് വേണ്ട ശ്രദ്ധയും പറഞ്ഞു തന്നിരിക്കുന്നു. അതിലേക്ക് നാം ശ്രദ്ധിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ തലമുറ തലമുറകളായി അല്ലാഹുവിന്റെ ഭവനത്തിന്റെ അവകാശം പൂർത്തിയാക്കുന്നവർ നമ്മിൽ നിന്ന് ജന്മമെടുക്കുകയുള്ളു.

അല്ലാഹു പറയുന്നു, അവർ കഅബ മന്ദിരത്തിന്റെ ചുമരുകൾ പടുത്തുയർത്തിയപ്പോൾ ഇപ്രകാരം ദു:ആ ചെയ്യുകയായിരുന്നു رَبَّنَا تَقَبَّلْ مِنَّا ۖ إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ ഇതാണ് യഥാർത്ഥ ദൈവദാസരുടെ പ്രൗഢി. ഏറ്റവും കൂടുതലായി അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവരും ദൈവദാസരും പ്രവാചകന്മാരാകുന്നു. വർഷങ്ങളായി ത്യാഗം സഹിക്കുന്നു. പിതാവും ത്യാഗം ചെയ്യുന്നു. പുത്രനും ത്യാഗം ചെയ്യുന്നു. ഭാര്യയും ത്യാഗം ചെയ്യുന്നു. എന്നാൽ, ഞങ്ങൾ ഇത്രകാലമായി ത്യാഗം ചെയ്യുകയാണ്, ഇപ്പോൾ ഞങ്ങൾ നിന്റെ ഭവനം നിർമ്മിക്കുകയാണ്, നിനക്ക് വേണ്ടി നിന്റെ നിർദേശമ

നുസരിച്ച് നിർമ്മിക്കുന്ന കാരണത്താൽ ഞങ്ങളുടെ ഓരോ ത്യാഗവും സ്വീകരിക്കേണ്ടതാണ്. അത് സ്വീകരിച്ച് ഞങ്ങൾക്കായി ജീവിത സുഖവും സൗകര്യവും നൽകണേ എന്ന് പറയുന്നില്ല. അഹ്മദിയ്യാ ജമാഅത്തിൽ ഈ സമ്പ്രദായമില്ല. എന്നാൽ മറ്റ് മുസ്‌ലിംകൾ അൽപം ത്യാഗം സഹിച്ചാൽ, പിന്നീട് അത് വിളംബരപ്പെടുത്തുന്ന രീതി നിലവിലുണ്ട്. ഒന്നോ രണ്ടോ നാലോ രൂപ കൊടുത്താൽ പള്ളിയിൽ വിളംബരപ്പെടുത്തുന്നു. വലിയ ത്യാഗമാണെങ്കിൽ അഭിമാനം പ്രകടിപ്പിക്കുന്നു. എന്നാൽ നമ്മുടെ മുന്നിൽ അല്ലാഹു ഈ രണ്ട് പ്രവാചകന്മാർ മുഖേന സമർപ്പിച്ച മാതൃകയുണ്ട്. മകൻ അല്ലാഹുവിന് വേണ്ടി അറുക്കപ്പെടാൻ തയ്യാറാകുന്നു. പിതാവ് അല്ലാഹുവിന് വേണ്ടി മകനെ അറുക്കാൻ തയ്യാറാകുന്നു. ഇതെല്ലാം സംഭവിക്കുന്നത് മകൻ ചെറുപ്രായത്തിലായിരുന്നപ്പോഴാണ്. വാർദ്ധക്യത്തിലുണ്ടായ സന്താനമാണ്. പിന്നീട് ത്യാഗത്തിന്റെ നിലവാരം മുന്നോട്ട് ഗമിക്കുന്നു. ഒരു നീണ്ട കാലം ഭാര്യയെയും മകനെയും വിജനമായ സ്ഥലത്ത് ത്യാഗം സഹിക്കാനായി വിടുന്നു. പട്ടിണിയാലും ദാഹത്താലും ജീവൻ തന്നെ നഷ്ടപ്പെടാൻ സാധ്യതയുള്ള സ്ഥലമായിരുന്നു അത്. പിന്നീട് അല്ലാഹു ഭാര്യയുടെയും മകന്റെയും ത്യാഗത്തെ സ്വീകരിക്കുന്ന സമയം വരുന്നു. അവർക്കായി മുമ്പ് സംവിധാനം ഉണ്ടായിരുന്നില്ല. പിന്നീട് അവർക്കായി ഭക്ഷണപാനീയങ്ങൾക്കുള്ള സംവിധാനം ഒരുക്കുന്നു. പിന്നീട് അല്ലാഹുവിന്റെ കൽപനയാൽ കഅബ മന്ദിരത്തിന്റെ നിർമ്മാണവും ആരംഭിക്കുന്നു. നിർമ്മിക്കുന്നവർ കേവലം രണ്ട് വ്യക്തികളാണ്. ഈ നിർമ്മാണത്തോടൊപ്പം മടക്കത്തിനുള്ള തങ്ങളുടെ എല്ലാ മാർഗ്ഗങ്ങളും അടഞ്ഞെന്നും ഇനി ഞങ്ങളുടെ ലക്ഷ്യം അല്ലാഹുവിന്റെ ഭവനത്തെ സജീവമാക്കുകയും ചെയ്യുക എന്നതാണന്നും അവർ പ്രതിജ്ഞയെടുക്കുന്നു. ഇതിനെ വിശ്വസികളെ കൊണ്ട് ജനനിബിഢമാക്കണം. അവർ സൽപ്രകൃതക്കാരും, അല്ലാഹുവിനെ സ്മരിക്കുന്നവരും, അവന്റെ അവകാശങ്ങൾ പൂർത്തിയാക്കുന്നവരും ആയിരിക്കണം. അല്ലാഹുവിന്റെ ആരാധനയിൽ പാരമ്യതയിൽ എത്തിയവരായിരിക്കണം. ചുരുക്കത്തിൽ അല്ലാഹുവിന്റെ കൽപനയാൽ അല്ലാഹുവിന്റെ ഭവനത്തെ നിർമ്മിച്ചവർ ഇവരാണ്. വിനയവും ദൈവസ്നേഹവും എത്രത്തോളമെന്നാൽ അവർ ദു:ആ ചെയ്യുന്നു, അല്ലാഹുവെ! ഞങ്ങളുടെ ഈ ത്യാഗത്തെ ഈ പരിശ്രമത്തെ നീ സ്വീകരിക്കണെ. നിന്റെ സവിശേഷ കാരുണ്യത്താൽ ഞങ്ങളിൽ കരുണ ചൊരിഞ്ഞ് കൊണ്ട് ഇതിനെ സ്വീകാരിക്കണെ. ഈ സ്വീകാര്യത ഞങ്ങളെ കൂടുതൽ നിന്റെ സമീപസ്ഥമാക്കണെ. ത്യാഗം ചെയ്തുകൊണ്ട് ഈ പാഠമാണ് നമുക്ക് നൽകുന്നത്. പിന്നീട് വിനീതരായി അല്ലാഹുവിന്റെ സവിധത്തിൽ കുമ്പിട്ടു കൊണ്ട് പ്രസ്തുത ത്യാഗത്തെ സ്വീകരിക്കുന്നതിന് വേണ്ടി ദു:ആ ചെയ്യുന്നു. ഈ തത്വമാണ് എപ്പോഴും നാം പരിഗണിക്കേണ്ടത്. ഇബ്റാഹിമിന്റെയും ഇസ്മാഈലിന്റെയും ഈ ചിന്തയും ദു:ആയും ഇന്ന് നമ്മെ ചില കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. അതായത്, നാം ഈ കാലഘട്ടത്തിലെ ഇബ്റാഹീമുമായി ബന്ധം സ്ഥാപിച്ചവരാണ്. അദ്ദേഹത്തെ മുഹമ്മദ് നബി(സ) യുടെ പരിപൂർണ്ണ അനുസരണത്തിന്റെയും അനുരക്തിയുടെയും ഫലമായി അല്ലാഹു ബഹുമതി നൽകി ഇക്കാലഘട്ടത്തിലെ ഇബറാഹീമാക്കിയിക്കുന്നു. അദ്ദേഹം ദീനിനെ അതിന്റെ യഥാർത്ഥ ചുമരുകളിൽ പടുത്തുയർത്തി കാണിച്ചു. അഥവാ യഥാർത്ഥമായ നിലയിൽ അത് പ്രാവർത്തികമാക്കുകയാണെങ്കിൽ പരിവർത്തനമുണ്ടാകുന്ന തരത്തിൽ അതിനെ പടുത്തുയർത്തി എന്നതിന് നാം സാക്ഷിയാണ്. നിത്യേന നാമത് കണ്ടു കൊണ്ടിരിക്കുന്നു. ഇസ്‌ലാം ദീനിന്റെ സൗന്ദര്യത്തെ പ്രകാശിതമാക്കി മഹത്വവും പ്രൗഢവുമാക്കി ക്കൊണ്ട് കാണിക്കുകയും, തൽഫലമായി നിങ്ങൾ സമർപ്പിക്കുന്ന ഇസ്‌ലാമാണ് യഥാർത്ഥമെങ്കിൽ ഞങ്ങളുടെ വാക്കുകൾ പിൻവലിക്കുന്നു എന്ന് ആ മുസ്‌ലീംകൾ പറയാൻ തുടങ്ങുകയും ചെയ്തു.

ചുരുക്കത്തിൽ ഇന്ന് ഈ ഇബ്റാഹിം മുഖേന കഅബ മന്ദിരത്തിന്റെ നിർമ്മാണ ഉദ്ദേശ്യവും പൂർത്തിയാകുന്നു. ഇസ്‌ലാമിന്റെ സുന്ദരഅദ്ധ്യാപനങ്ങളുടെ തിളക്കവും ലോകത്ത് പ്രകടമായിക്കൊണ്ടിരിക്കുന്നു. ഇതേ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നതിനായി ലോകത്ത് നിർമ്മിക്കപ്പെടുന്ന നമ്മുടെ ഓരോ പള്ളിയും അതിന് സാക്ഷിയാണ്, ആകേണ്ടതുമാണ്. മസ്ജിദ് ബൈത്തുർ റഹ്മാൻ എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ പള്ളി ഇന്ന് ഇതേ ഉദ്ദേശ്യം പൂർത്തികരണത്തിനുള്ള മാധ്യമമായിരിക്കുകയാണ്. നാം അല്ലാഹുവിന്റെ സവിധത്തിൽ വിനീതരായി കുമ്പിട്ടുകൊണ്ട് അതിന്റെ നിർമാണത്തെ പൂർത്തിയാക്കുന്നതിലേക്ക് ഈ പള്ളി ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം നാം നമ്മുടെ പ്രതിജ്ഞ പൂർത്തിയാക്കേണ്ടതാണെന്നതിലേക്കും നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റണ്ടതാണെന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. അഥവാ നാം നമ്മുടെ പ്രതിജ്ഞയേയും ഉത്തരവാദിത്വത്തേയും പൂർത്തിയാക്കിയെങ്കിൽ മാത്രമേ നമുക്ക് ഉദ്ദേശ്യത്തെ കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. നാം വിളംബരം ചെയ്യുന്നു, ‘ അല്ലയോ മുഹമ്മദിന്റെ മസീഹേ! നബി(സ)യുടെ സത്യപ്രേമിയെ! ദീനിനെ ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതാണെന്നും, തൗഹീദിനെ ലോകത്ത് പ്രചരിപ്പിക്കുന്നതാണെന്നും ഞങ്ങൾ താങ്കളോട് പ്രതിജ്ഞ ചെയ്തിരിക്കുന്നു. അത് ഈ പള്ളിയുടെ നിർമ്മാണത്തിലൂടെ ലോകത്തിന് ഇസ്‌ലാമിലേക്ക് ശ്രദ്ധയുണ്ടാകുകയും തബ്ലീഗിന്റെ മാർഗ്ഗങ്ങൾ തുറക്കപ്പെടുകയും ചെയ്യുമ്പോൾ, അതിന്റെ കടമകൾ പൂർത്തിയാക്കി എല്ലാ തരം കഴിവുകളേയും പരിപോഷിപ്പിച്ചുകൊണ്ട് തൗഹീദിനെ സ്ഥാപിക്കുന്നതും, രാജ്യത്തെ നിവാസികളെ നബി(സ) യുടെ പതാകക്ക് കീഴിൽ കൊണ്ടുവരുന്നതും ഞങ്ങളുടെ പ്രഥമകടമയായിരിക്കും. إِنْ شَاءَ اللّٰهُ

അല്ലാഹുവേ ! എല്ലാം കേൾക്കുന്നവനും അറിയുന്നവനുമായ അല്ലാഹുവേ! ഞങ്ങളുടെ ദുആകൾ സ്വീകരിക്കണെ. ഞങ്ങൾക്ക് ഞങ്ങളുടെ കടമകൾ നിറവേറ്റുന്നതിനുള്ള തൗഫീഖ് നൽകണേ. നിന്റെ ഭവനത്തിന്റെ മാതൃകയിൽ നിർമ്മിച്ചിട്ടുള്ള ഈ പള്ളിയെ, നിന്റെ ഭവനം നിർമ്മിക്കുന്നതിനുള്ള ഉദ്ദേശത്തെ പൂർത്തിയാക്കുന്നതാക്കി മാറ്റേണമേ. നീ സർവ്വജ്ഞനാണ്. ഞങ്ങളുടെ ന്യൂനതകളെയും അജ്ഞതയേയും കുറിച്ച് നിനക്കറിയാം. അതിനാൽ ഞങ്ങളുടെ ദുആ സ്വീകരിച്ചു കൊണ്ട് ഞങ്ങളുടെ അറിവില്ലായ്മയെ അവഗണിച്ചുകൊണ്ട് ഞങ്ങളെ പള്ളിനിർമ്മാണത്തിന്റെ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നവരാക്കേണമേ. പള്ളിയുടെ സൗന്ദര്യവും അതിന്റെ

വിശാലതയും പ്രയോജനപ്പെടുന്നത് നാം പള്ളിയുടെ അവകാശങ്ങൾ പൂർത്തിയാക്കുന്നവരാകുമ്പോഴാണ്. അവകാശങ്ങൾ പൂർത്തിയാക്കുന്നതിനായി പള്ളിയെ ജനനിബിഢമാക്കുന്നതോടൊപ്പം അല്ലാഹുവിന്റെ ദാസരുടെ അവകാശങ്ങളും പൂർത്തിയാക്കുന്നവരാകേണ്ടതാണ്. സ്നേഹത്തേയും ഇഷ്ടത്തെയും സാഹോദര്യത്തെയും അഭിവൃദ്ധിപ്പെടുത്തുന്നവരാകണം. ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനം നമ്മിൽ നിന്ന് പ്രകടമാകുന്നതിനായി, ജനങ്ങളുടെ ശ്രദ്ധ നമ്മിലേക്കാർഷിക്കുന്നതിനായി, ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ ലോകം മനസ്സിലാക്കുന്നതിനായിട്ട് ശ്രമിക്കുന്നതിനു വേണ്ടി. അല്ലാഹുവേ! നീയെല്ലാം കേൾക്കുന്നവനാണ്. പള്ളിയുടെ ബാഹ്യമനോഹാരിതയേക്കാൾ കൂടുതൽ ഈ പള്ളിയുടെ ജനനിബിഢതയുടെ ആത്മാവിനെ മനോഹരമാക്കി ഞങ്ങളെ കാണിക്കണേ എന്ന ഞങ്ങളുടെ ദുആയും സ്വീകരിക്കേണമെ.

ഈ പള്ളിയുടെ നിർമ്മാണത്തിന്റെ ആത്മാവ് വാസ്തവത്തിൽ നമ്മിൽ സംജാതമാകുകയാണെങ്കിൽ, ഏതൊരുദ്ദേശ്യത്തിനു വേണ്ടിയാണോ പള്ളി നിർമ്മിച്ചത് ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നവരായി നാം മാറുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ഇവിടെ നൂറ്റാണ്ടുകളോളം മുസ്‌ലിംകളുടെ ഭരണം നിലനിന്നപ്പോൾ വലിയ വലിയ മനോഹരങ്ങളായ പള്ളികൾ മുസ്‌ലിംകൾ നിർമ്മിച്ചിരുന്നു. കോർഡോബയിലെ പള്ളി കണ്ടാൽ മനുഷ്യൻ ആശ്ചര്യപ്പെട്ട് പോകും. അത് പോലെ മറ്റ് പള്ളികളും. മനുഷ്യവാസമുണ്ടായിരുന്നിടത്തെല്ലാം വലിയ വലിയ പള്ളികൾ നിർമ്മിച്ചിരുന്നു. ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളുടെ ആത്മാവ് ആ പള്ളികളിൽ വരുന്നവരിൽ നിന്നും നഷ്ടപ്പെട്ടു. അതിനാൽ ഏകനായ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചിരുന്ന അതേ പള്ളികൾ ഒന്നുകിൽ നശിപ്പിക്കപ്പെട്ടു അല്ലെങ്കിൽ വിഗ്രഹാരാധനയുടെ കോട്ടകളായി മാറി. ഖുർത്തുബയിലെ മസ്ജിദ് നോക്കുക. അത്ഭുതം തോന്നുന്നു. എത്ര മനോഹരവും സുദൃഢവുമായ കെട്ടിടമാണ്. നൂറ്റാണ്ടുകൾ കഴിഞ്ഞുകടന്നിട്ടും അതിന്റെ മനോഹാരിതയും ദൃഢതയിലും അൽപം പോലും വ്യത്യാസം വന്നിട്ടില്ല. എന്നാൽ നിർഭാഗ്യവശാൽ ഇന്നത് ക്രിസ്ത്യൻ പള്ളിയായി മാറിക്കഴിഞ്ഞു. ഞാൻ പറഞ്ഞതുപോലെ യഥാർഥ വസ്തുത കെട്ടിടമല്ല. യഥാർഥ വസ്തുത ആ കെട്ടിടത്തിൽ വരുന്നവരുടെയും തങ്ങുന്നവരുടേയും ആത്മാവാകുന്നു. മുസ്‌ലിംകളിൽ ആ ആത്മാവ് നഷ്ടപ്പെട്ടപ്പോൾ പള്ളികൾ മറ്റുള്ളവരുടെ നിയന്ത്രണത്തിലായി. അഥവാ ഈ പള്ളിയുടെ മഹത്വത്തെ നമുക്ക് നിലനിർത്തണമെങ്കിൽ- നിശ്ചയമായും നിലനിർത്തുന്നതാണ് اِنْ شَآءَاللّٰہ ആ ആത്മാവിനെ നിലനിർത്താൻ ശ്രമിക്കണം. അതിനായി തീവ്രമായി ശ്രമിക്കേണ്ടിവരും. അല്ലാഹുവേ! ഈ പള്ളി ഖിയാമത്ത് നാൾ വരെ തൗഹീദിന്റെ കേന്ദ്രമായിരിക്കുന്നതിന് വേണ്ടി പള്ളിയുടെ ആത്മാവിനെ നിലനിർത്തുന്നവരെ എപ്പോഴും ജനിപ്പിച്ചുകൊണ്ടിരിക്കണേ എന്ന് ദു:ആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ നമ്മുടെ ത്യാഗങ്ങൾ സ്വീകാര്യമായെങ്കിലേ ഈ ഉദ്ദേശ്യം യഥാർത്ഥത്തിൽ കരസ്ഥമാവുകയുള്ളൂ.

പിന്നീട് രണ്ടാമത്തെ വചനത്തിൽ നാം കാണുന്നത്, ഈ സാത്വീകരായ പ്രവാചകന്മാർ തങ്ങളുടെ ദു:ആകളെ ദൈവഭവനത്തിന്റെ നിർമ്മാണത്തോടൊപ്പം സ്വയം തങ്ങളിൽ മാത്രം പരിമിതപ്പെടുത്തുന്നില്ല. മറിച്ച് തങ്ങളുടെ സന്താനങ്ങൾക്കും തലമുറകൾക്കുമായി വസിയ്യത്ത് ചെയ്യുന്നു എന്നതാണ്. ഇതാണ് ദു:ആയുടെ രീതി. ഇതാണ് അഭിവൃദ്ധി പ്രാപിക്കുന്നതിനുള്ള, തലമുറകളോളം വിജയം വരിക്കുന്നതിനുള്ള ചിന്ത. ഈ ചിന്തയുണ്ടെങ്കിൽ اِنْ شَآءَاللّٰہ നമുക്ക് വിജയം മാത്രമായിരിക്കും. പിന്നീട് ഞങ്ങളുടെ സന്തതികളേയും നന്മയിൽ നിലനിർത്തണേ എന്ന ദു:ആയുമുണ്ടെങ്കിലേ ഈ ഭവനത്തിന്റെ സജീവതയുടെ ഉദ്ദേശ്യം പൂർത്തിയാവുകയുള്ളൂ.

ഏതായാലും ഞാൻ പറഞ്ഞുവന്നത് ഈ ചിന്ത നിലനിൽക്കുകയാണെങ്കിൽ اِنْ شَآءَاللّٰہ നമ്മുടെ വിജയമാണ്. ഈ ഭവനത്തിന്റെ ഉദ്ദേശ്യം എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നതിനായി അല്ലാഹു നമ്മുടെ സന്താനങ്ങളേയും നന്മയിൽ നിലനിർത്തട്ടെ എന്ന് ദു:ആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നമ്മുടെ തലമുറകളിൽ നിന്ന് അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ പൂർത്തിയാക്കുന്നവർ ജനിച്ചുകൊണ്ടിരുന്നാലേ ത്യാഗങ്ങൾ സ്വീകരിക്കപ്പെടുകയുള്ളൂ. ആരാധനകളനുഷ്ഠിക്കുന്നവർ നമ്മുടെ തലമുറകളിൽ നിന്ന് ജനിച്ചുകൊണ്ടിരിക്കണം. അല്ലാഹു നമ്മിൽ നിന്നും ആഗ്രഹിക്കുന്ന വിധത്തിൽ ആരാധനകളനുഷ്ഠിക്കുന്നവർ ജനിച്ചുകൊണ്ടിരിക്കണം.അല്ലാഹുവേ! ഈ ആരാധനകൾക്കുള്ള കൽപ്പന നീ നൽകിയിരിക്കുന്നു. അതിന്റെ രീതിയും പഠിപ്പിച്ചു തന്നിരിക്കുന്നു. ഈ പ്രവാചകന്മാരും ഈ ദു:ആ ചെയ്തിരുന്നു, ഞങ്ങൾക്കും ആ മാർഗ്ഗം പഠിപ്പിച്ചു തരണെ. وَاَرِنَا مَنَاسِكَنَا ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനയുടേയും ത്യാഗത്തിന്റേയും വിധങ്ങൾ കാണിച്ചുതരണേ. ഈ ദു:ആ നാമും ചെയ്യേണ്ടതാണ്. യഥാർത്ഥത്തിൽ ആരാധനയുടേയും ത്യാഗത്തിന്റേയും രീതി അല്ലാഹുവിന്റെ മാർഗ്ഗദർശനത്താലാണ് മനസ്സിലാകുന്നത്. അതിന്റെ ഗഹനതയിൽ ചെന്ന് അതിനെക്കുറിച്ച് മനസ്സിലാകുന്നതിനുള്ള ഉൾക്കാഴ്ചയും അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ലഭിക്കുക.

നമസ്കാരവും പല വിധത്തിലുണ്ട്. പള്ളിയിൽ ജനങ്ങൾ വരുന്നു. ആരാധന നിർവ്വഹിക്കുന്നു. എന്നാൽ ഇതേ നമസ്കരിക്കുന്നവരെ സംബന്ധിച്ച് അല്ലാഹു പറയുന്നു. അവരുടെ നമസ്കാരങ്ങൾ അവരുടെ മുഖത്തേക്ക് വലിച്ചെറിയപ്പെടുന്നതാണ്. അവരുടെ നാശത്തിന് ഹേതുവായി മാറുന്നു. അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹത്തെ തേടിക്കൊണ്ട് അവന്റെ ദൃഷ്ടിയിൽ സ്വീകാര്യമായ നമസ്കാരം അനുഷ്ഠിക്കാനായി നാം ശ്രമിക്കേണ്ടതാണ്. നമസ്കാരം മാത്രമല്ല, അല്ലാഹുവിനെ പ്രാപിക്കാനായി ചെയ്യപ്പെടുന്ന എല്ലാം തന്നെ ആരാധനയായി മാറുന്നു. സൃഷ്ടികളോടുള്ള കടമകളാണെങ്കിൽപോലും. ഇക്കാര്യം മനസ്സിലാക്കേണ്ടത് നമുക്ക് അനിവാര്യമാകുന്നു. ആരാധനയുടെ ആത്മാവിനെ മനസ്സിലാക്കികൊണ്ട് മാത്രമേ നമുക്ക് തൗഹീദിന്റെ സന്ദേശത്തെ പ്രചരിപ്പിക്കാനും, നമ്മുടെ തലമുറകളിൽ ഈ സന്ദേശത്തെ രൂഢമൂലമാക്കുവാൻ സാധിക്കുകയുള്ളൂ എന്നതും നാം ഓർക്കേണ്ടതാണ്. അതിനായി ഹദ്റത് ഇബ്റാഹിം (അ) ദു:ആ ചെയ്തത് പോലെ തലമുറക്കായി വളരെ വ്യാകുലപ്പെട്ടു

കൊണ്ട് ദു:ആ ചെയ്യേണ്ടതുണ്ട്. നാം അഹ്മദികൾ നമ്മുടെ യോഗങ്ങളിൽ എല്ലാ ത്യാഗങ്ങൾക്കായും സന്നദ്ധരായിക്കുന്നതാണ് എന്ന പ്രതിജ്ഞ ചെയ്യാറുണ്ട്. ദീനിന്റെ പ്രചരണത്തിനായി ത്യാഗങ്ങൾ സമർപ്പിക്കുന്ന സംഘങ്ങൾ ജനിച്ചുകൊണ്ടിരിക്കുന്നതിനായി ഈ പ്രതിജ്ഞയുടെ ആത്മാവിനെ നമ്മുടെ തലമുറകളിലേക്ക് പകർത്തേണ്ടതുണ്ട്. മാറിക്കൊണ്ടിരിക്കുന്ന അവസ്ഥകൾക്കനുഗുണമായി ത്യാഗത്തിന്റെ രീതിയും മാറിക്കൊണ്ടിരിക്കുന്നതാണെന്ന് ഓർക്കണം. وَاَرِنَا مَنَاسِكَنَا എന്ന ഈ ദു:ആയുടെ ഒരർത്ഥവും ഇതാകുന്നു. സ്പെയിനിൽ ആദ്യം പ്രവേശിച്ച മുസ്‌ലിംകൾ സഹായത്തിനായി വന്നതായിരുന്നു. ജിഹാദും ചെയ്യുകയുണ്ടായി. സഹായം എത്തിക്കുന്നതിന് വേണ്ടി വന്നവരായിരുന്നു അവർ. പിന്നീട് പടർന്ന് പന്തലിച്ചു. വാളുകൊണ്ടുള്ള ജിഹാദും ചെയ്തു അവർ. ഇന്നത്തെ ത്യാഗങ്ങൾ തബ്‌ലീഗിന്റെ ജിഹാദ് മുഖേനയാണ്. സാഹിത്യപ്രസിദ്ധീകരണത്തിനായി സാമ്പത്തികത്യാഗവും ചെയ്തു കൊണ്ടാണ്, പള്ളികളുടെ നിർമ്മാണത്തിനായി സാമ്പത്തിക ത്യാഗം ചെയ്തുകൊണ്ടാണ്. ത്യാഗത്തിന്റെ രീതി അവസ്ഥയ്ക്കനുസൃതമായി മാറിക്കൊണ്ടിരിക്കുന്നു. ഞങ്ങളെ ത്യാഗത്തിന്റെ രീതി പഠിപ്പിക്കണേ, അതായത് മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്കനുസരിച്ച് നിന്റെ സംതൃപ്തി കരസ്ഥമാക്കുന്നതിനായി ത്യാഗത്തിന്റെ, ആരാധനയുടെ വിധം നീ ഞങ്ങൾക്ക് പഠിപ്പിക്കണേ എന്ന ഇബ്‌റാഹിം(അ) ന്റെ ദു:ആ വിശുദ്ധഖുർആ നിൽ സുരക്ഷിതമാക്കിക്കൊണ്ട് ത്യാഗങ്ങൾ അവസ്ഥയ്ക്കനുസരിച്ച് ചെയ്യണം, നന്മകൾ അല്ലാഹുവിന്റെ സംതൃപ്തിയെ കരസ്ഥമാക്കുന്നതായിരിക്കണം എന്ന അടിസ്ഥാനതത്വം നമ്മെ പഠിപ്പിക്കുകയാണ്.

അതുകൊണ്ടാണ് നബിതിരുമേനി(സ) ചിലരോട് ഏറ്റവും വലിയ നന്മ തഹജ്ജുദ് നമസ്കരിക്കുന്നതാണെന്നും, ചിലരോട് ഏറ്റവും വലിയ നന്മ ജിഹാദ് ചെയ്യുന്നതാണെന്നും പറഞ്ഞത്. അതായത് ആരിൽ എന്ത് നന്മയുടെ കുറവാണോ ഉള്ളത് അയാൾക്ക് അതാണ് ഏറ്റവും വലിയ നന്മ. അതാണ് അയാൾക്ക് ഉചിതമായ ആരാധനാവിധം. അതാണ് അയാൾക്ക് ഉചിതമായ ത്യാഗം.

ചുരുക്കത്തിൽ ഈ ദു:ആയിൽ തങ്ങൾക്കും തങ്ങളുടെ തലമുറകൾക്കും എല്ലാ തരത്തിലുള്ള ദൗർബല്യങ്ങളെ ദൂരീകരിക്കുന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുമുള്ള ശ്രമത്തിൽ വളരേയധികം ഊന്നൽ നൽകിയിരിക്കുകയാണ്. സ്വപ്രയത്നത്താൽ ആരാധനയുടെ നിലവാരം കരസ്ഥമാക്കാൻ സാധിക്കുന്നതല്ലെന്നും ത്യാഗത്തിന്റെ നിലവാരം കരസ്ഥമാക്കാൻ സാധിക്കുന്നതല്ലെന്നും മനുഷ്യൻ എപ്പോഴും ഓർക്കേണ്ടതാണ്. അതിനാൽ **വതുബ് അലൈനാ** പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് ഞങ്ങളിലേക്ക് ചായണേ. ഞങ്ങളുടെ നന്മ സ്വീകരിക്കുകയും, പിന്നീട് നന്മയിൽ നിന്ന് നന്മ ഉടലെടുത്തുകൊണ്ടിരിക്കുകയും ചെയ്യണേ. ഒരു നന്മയിൽ നിന്ന് അടുത്ത നന്മ പുറപ്പെട്ടുകൊണ്ടിരിക്കണം. ത്യാഗത്തിൽ നിന്ന് ത്യാഗം പുറപ്പെടട്ടെ. നിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് നിന്നെ ആരാധിക്കുന്നവരായി ഞങ്ങൾ മാറട്ടെ. മറ്റുള്ളവരെ കാണിക്കുന്നതിനാകരുത്. ഈ ആരാധന പിന്നീട് ഞങ്ങളുടെ ചിന്തയുടെ സത്തയാകട്ടെ. നമ്മുടെ ആരാധനകളെയും ത്യാഗങ്ങളെയും ഈ നിലവാരത്തിലുള്ളതാക്കി മാറ്റിയാൽ നാം സുകൃതവാന്മാരായിരിക്കും. എപ്പോഴും നമ്മുടെ അലസതയിൽ നിന്നും തെറ്റുകളിൽ നിന്നും അനീതിയിൽ നിന്നും അല്ലാഹുവിന്റെ അഭയത്തിൽ വരുന്നതിനായി ദു:ആ ചെയ്യുന്നവരാകട്ടെ. നമ്മുടെ തലമുറകളുടെ ഹൃദയങ്ങളിൽ അല്ലാഹുവിനോടും അവന്റെ ആരാധനയോടും സ്നേഹം സംജാതമാക്കുന്നവരാകട്ടെ. നമ്മുടെ ഹൃദയങ്ങളിൽ സ്നേഹമുണ്ടെങ്കിലേ ഇത് സാധ്യമാകൂ. സൃഷ്ടികളോടുള്ള കടമകളിലേക്ക് ശ്രദ്ധിക്കുന്നവരാകട്ടെ. അഹങ്കാരത്തേയും വെറുപ്പിനേയും ഉപേക്ഷിക്കുന്നവരാകട്ടെ. നമസ്കാരത്തിലെ അലസതയെ ദൂരീകരിക്കുന്നവരാകട്ടെ. അനുഷ്ഠിക്കാൻ പ്രയാസം തോന്നുന്ന ഓരോ നമസ്കാരത്തിനു വേണ്ടിയും പ്രത്യേകം ശ്രമിക്കുന്നവരാകട്ടെ. അഥവാ നമ്മിൽ ജമാഅത്തായ നമസ്കാരം അനുഷ്ഠിക്കുന്നതിൽ അലസതയുണ്ടെങ്കിൽ നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധയുള്ളവരാകേണ്ടതാണ്. ഇതാണ് നമ്മുടെ ത്യാഗങ്ങൾ. മാതാപിതാക്കളുടെ അവകാശങ്ങൾ നൽകാത്തവർ മാതാപിതാക്കളുടെ അവകാശങ്ങൾ നൽകുന്നവരാകട്ടെ. സഹോദരന്മാരുടേയും സഹോദരിമാരുടേയും പ്രിയരുടേയും അവകാശങ്ങൾ നൽകുന്നവരല്ലെങ്കിൽ ആ കടമകൾ നിറവേറ്റുന്നവരാകട്ടെ. അയൽവാസികൾക്ക് അല്ലാഹു വലിയ പദവിയാണ് നൽകിയിരിക്കുന്നത്. അയൽവാസികളുടെ അവകാശങ്ങൾ നൽകുന്നവരായി മാറട്ടെ. അയൽവാസികളോടുള്ള അഹ്മദികളുടെ പെരുമാറ്റം അവരെ ഇസ്‌ലാമിലേക്കും അഹ്മദിയ്യത്തിലേക്കും ആകർഷിതരാക്കട്ടെ. ഓരോ അഹ്മദിയുടേയും പരിശ്രമം ഇതായിരിക്കണം. എല്ലാ നന്മകളും ചെയ്ത് അതിന്റെ അവകാശങ്ങളെ പൂർത്തിയാക്കുന്നതിനായി ശ്രമിക്കുന്നവരാകുമ്പോഴാണ് യഥാർത്ഥത്തിൽ, അല്ലാഹുവേ! ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കണേ, ഞങ്ങളിൽ കരുണ ചൊരിയണേ എന്ന് അല്ലാഹുവിനോട് തേടുന്നവരായി മാറാൻ നമുക്ക് സാധിക്കുകയുള്ളൂ. നാം അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ആവശ്യക്കാരാകുമ്പോൾ മറ്റുള്ളവരുടെ മേലും കരുണ ചെയ്യേണ്ടിവരും. അതല്ലാതെ അല്ലാഹുവിൽ നിന്ന് കാരുണ്യം തേടുകയും നമ്മുടെ പരിധിയിലുള്ളവരോട് കാരുണ്യം ചെയ്യാത്തവരുമാകരുത്.

ചുരുക്കത്തിൽ ഒരു വിശ്വാസി പള്ളിയോട് യഥാർത്ഥ നിലയിൽ ബന്ധപ്പെടുകയാണെങ്കിൽ നന്മയുടെ നവംനവങ്ങളായ വാതിലുകൾ അവർക്കായി തുറക്കപ്പെടുന്നു. അല്ലാഹുവിന്റെ പാപപ്പൊറുതിയുടെ നവംനവങ്ങളായ പ്രകടനം അവനിൽ ഉണ്ടാകുന്നു. അല്ലാഹുവിൽ നിന്ന് നമുക്ക് ലഭിച്ച ഈ പള്ളി ഇന്ന് നമ്മെ ഇത് പ്രകടമാക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നവരാക്കി മാറ്റേണ്ടതാണ്. ഈ പള്ളിയെ ഇവിടെ വസിക്കുന്നവർ സ്വയം ജനനിബിഢമാക്കുകയും തങ്ങളുടെ സന്താനങ്ങളാൽ ജനനിബിഡമാക്കുകയും ചെയ്യേണ്ടതാണ്. ഇൻശാ അല്ലാഹ് അതിന്റെ അവകാശങ്ങളേ പൂർത്തിയാക്കി അതിനെ ജനനിബിഡമാക്കേണ്ടതാണ്. പള്ളികളിൽ വരുക എന്നതല്ല ഉദ്ദേശ്യം. പള്ളികളുമായി ബന്ധപ്പെട്ടിരിക്കുന്ന അല്ലാഹുവിന്റെ എല്ലാ അനുഗ്രഹങ്ങളും എല്ലാ കാരുണ്യവും കരസ്ഥമാക്കുന്നവരായി നാം മാറട്ടെ.

അല്ലാഹു നമ്മുടെ തൗബ സ്വീകരിക്കുന്നവനും നമ്മുടെ തെറ്റുകളെ ക്ഷമിക്കുന്നവനുമാകട്ടെ. ഒരു ഹദീസിൽ വന്നിരിക്കുന്നു; നബി(സ) പറഞ്ഞു, ഹ.അബൂഹുറൈറയിൽ നിന്നുള്ള രിവായത്താണ്. പാപങ്ങൾ പൊറുക്കപ്പെടുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്ന കർമ്മത്തെ പറ്റി ഞാൻ പറഞ്ഞു തരട്ടെയോ, പറഞ്ഞുതന്നാലും എന്ന് സഹാബാക്കൾ പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു, മനസ്സ് അനുവദിക്കാത്ത സമയത്ത് നല്ല പോലെ വുളു എടുക്കുകയും പള്ളിയിലേക്ക് കൂടുതൽ നടന്നു പോകുകയും ചെയ്യുക. പിന്നീട് ഒരു നമസ്കാരത്തിനുശേഷം അടുത്ത നമസ്കാരത്തെ പ്രതീക്ഷിച്ചിരിക്കുക. ഇത് രിബാത്താകുന്നു, രിബാത്താകുന്നു, രിബാത്താകുന്നു. അതായത് അതിർത്തിയെ സംരക്ഷിക്കൽ. അതിനായി കുതിരയെ കെട്ടിയിടൽ. ഇതാണ് നിങ്ങൾക്കായുള്ള ജിഹാദ്. നമ്മിൽ നിന്നോരോരുത്തരും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് നമുക്ക് നമ്മുടെ നഫ്സിനെതിരിലുള്ള ജിഹാദിന്റേയും ആവശ്യമുണ്ട്. ആ ഉദ്ദേശ്യത്തെ നാം കരസ്ഥമാക്കേണ്ടതാണ്. അല്ലാഹുവിന്റെ സന്ദേശം എത്തിക്കുക എന്നുള്ളതും ഒരു ജിഹാദാണ്. അതിലേക്കും ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ സഹായമില്ലാതെ നമുക്ക് വിജയിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ അനുഗ്രഹം അവന്റെ ആരാധനയുടെ അവകാശം പൂർത്തിയാക്കുന്നതിലൂടെയാണ് ലഭിക്കുന്നത്. അതിനാൽ നമസ്കാരത്തെ സംരക്ഷിക്കുന്നവരാകുമ്പോഴാണ് അവന്റെ അനുഗ്രഹത്തെ കരസ്ഥമാക്കുന്നവരായി നാം മാറുക. അപ്പോഴാണ് നഫ്സിന്റെ ജിഹാദിലും അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്ന ജിഹാദിലും ഭാഗവാക്കാകുന്നവരായി നാം മാറുക. ഇന്നത്തെ സാമൂഹിക ചുറ്റുപാടിൽ മനുഷ്യന് ഏറ്റവും അനിവാര്യമായത് ഈ ജിഹാദ് ആകുന്നു. ഈ ജിഹാദാണ് നമ്മെ സമൂഹത്തിലെ തിന്മകളിൽ നിന്ന് രക്ഷപ്പെടുത്തി ദൈവസവിധത്തിൽ സന്നിഹിതരാക്കുന്നവരാക്കി മാറ്റുന്നത്, അല്ലാഹുവിന്റെ തൃപ്തിയെ കരസ്ഥമാക്കുന്നവരാക്കി മാറ്റുന്നത്. ഈ ജിഹാദാണ് നമ്മെയും നമ്മുടെ തലമുറയെയും ഭൗതീക മാലിന്യങ്ങളിൽ നിന്ന് പരിശുദ്ധരും പവിത്രരുമാക്കി മാറ്റുന്നത്. അതിനാൽ അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള ഈ അനുഗ്രഹത്തെ ഫലപ്രദമാക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നതിനായി ഈ പള്ളിയെ അല്ലാഹുവിന് സവിശേഷമാക്കികൊണ്ട് അവന്റെ ആരാധനയാൽ അലങ്കരിക്കുക. ഈ പള്ളി  ഈ ഉദ്ദേശ്യങ്ങളെ പൂർത്തിയാക്കുന്നതാകട്ടെ. നാം നമ്മുടെ ഉത്തരവാദിത്വങ്ങളും പൂർത്തിയാക്കുന്നവരാകട്ടെ. നമുക്ക് മുമ്പായി  ഈ സംസ്ഥാനത്ത് സഊദി അറേബ്യയുടെ പൈസകൊണ്ട് മുസ്‌ലിംകൾ പള്ളി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ  മസീഹിമുഹമ്മദിയെ വിശ്വസിക്കാത്തതിനാൽ അവരിലുള്ള ന്യൂനത കേവലം അഹ്മദിയ്യ ജമാഅത്ത് നിർമ്മിച്ച പള്ളികളിലൂടെയേ പൂർത്തിയാകൂ. ചുരുക്കത്തിൽ ഇക്കാര്യം ഓരോ അഹ്മദിയെയും കൂടുതൽ ശ്രദ്ധയുള്ളവരും കൃതജ്ഞതയുള്ളവരുമാക്കി മാറ്റേണ്ടതാണ്. നിങ്ങളുടെ ഉത്തരവാദിത്വം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പള്ളിയുടെ അവകാശം പൂർത്തിയാക്കുന്നതിനായി നിങ്ങൾക്ക് വളരെയേറെ പരിശ്രമിക്കേണ്ടി വരും. അല്ലാഹു അത് നിർവ്വഹിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

പള്ളിയെ സംബന്ധിച്ച് ചില കാര്യങ്ങൾ ഞാൻ പറയുകയാണ്. പള്ളിയുടെ കെട്ടിട്ട വിസ്തൃതി 1350 സ്ക്വയർ ഫീറ്റാണ്. ഇതിന്റെ ചെലവ് ഏകദേശം 1.2 മില്യൻ യൂറോയാണ്. സ്പെയിൻ ജമാഅത്ത് നൽകിയ വാഗ്ദാനം മുഴുവും നൽകിയിട്ടില്ലെന്ന് തോന്നുന്നു. നൽകിയ വാഗ്ദാനം ഇവർ പൂർത്തിയാക്കേണ്ടതാണ്. സാമ്പത്തികമായി ദുർബലമാണെങ്കിൽ പൂർത്തിയാക്കേണ്ട വാഗ്ദാനം പൂർത്തിയാക്കുക. എന്നാൽ അതിന്റെ അവകാശം തബ്‌ലീഗ് മൈതാനത്തേക്ക് ഇറങ്ങിയും പൂർത്തിയാക്കാവുന്നതാണ്. ഇവർ തന്ന കണക്കനുസരിച്ച് ഹാളുകളുടെ വിശാലത 250 പേരുടേതാണ്. അധികം വലുതല്ല. മറ്റ് സൗകര്യങ്ങളുമുണ്ട്. ഏഴ് ഓഫീസുകളുമുണ്ട്. ലൈബ്രറിയുമുണ്ട്, ബുക്ക് ഷോപ്പുമുണ്ട്. കിച്ചൺ വലുതും നല്ലതുമാണ്. സ്റ്റോറുമുണ്ട്, ടെക്നിക്കൽ റൂമുമുണ്ട്. മുഴുവനായും ശീതീകരിച്ചതാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം വുളുവെടുക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ സ്ഥലം വാങ്ങിയപ്പോൾ ഉണ്ടായിരുന്ന ബംഗ്ലാവിൽ മൂന്ന് മുറികൾ വർദ്ധിക്കുകയുണ്ടായി.

കഴിഞ്ഞ ദിവസം ഒരു പത്രം എഴുതിയത്, സംസ്ഥാനത്തെ ഏറ്റവും വലിയ ആരാധാനാലയം യാഥാർത്ഥ്യമായിരിക്കുന്നു എന്നാണ്. വാസ്തവത്തിൽ നാമോരോരുത്തരും അതിന്റെ അവകാശം പൂർത്തിയാക്കുമ്പോഴാണ് അത് യഥാർത്ഥ്യമാകുന്നത്. മറ്റൊരു സുഹൃത്ത് വളരെ നല്ലൊരു കാര്യവും എഴുതിയിട്ടുണ്ട്. അത് സൃഷ്ടികളോടുള്ള കടപ്പാടിനെ കുറിച്ചുള്ള വെളിപ്പെടുത്തലാണ്. അത് ഇവിടുത്തെ മാത്രമല്ല എല്ലാ അഹ്മദികളിൽ നിന്നും ഉണ്ടാകേണ്ടതാണ്. പറയുന്നു, ഇസ്‌ലാമിനോടുള്ള വിശ്വാസത്താൽ അഹ്മദികൾ അല്ലാഹുവിന്റെ നാമത്തിൽ രക്തം ചിന്തുന്നവർക്കെല്ലാം എതിരാണ്.

ഏതായാലും ഇതു കൂടാതെ ഈ പള്ളിയോട് ചേർന്ന് രണ്ട് മൾട്ടിപ്പിൾ ഹാളും ഉണ്ട്. അത് സ്ത്രീകൾക്കും പുരുഷന്മാർക്കും ഉപയോഗിക്കാവുന്നതാണ്.

ഈ പള്ളി പ്രദേശത്തും സംസ്ഥാനത്തുള്ളവർക്കും യഥാർത്ഥ ഇസ്‌ലാമിന്റെ ചിത്രം പ്രകടിപ്പിക്കുന്നതായി സ്ഥാപിതമാകട്ടെ. ഈ പ്രദേശത്ത് വസിക്കുന്ന നമ്മിൽ നിന്നുള്ള ഓരോ അഹ്മദിയും പരിശ്രമിച്ചു കൊണ്ട് ഇതിന്റെ അവകാശത്തെ പൂർത്തിയാക്കുന്നവരാകട്ടെ. ഈ പള്ളിയുടെ നിർമ്മാണത്തിൽ അധിക സഹായവും കേന്ദ്രത്തിൽ നിന്നാണ് വന്നത്. സാങ്കേതിക സഹായവും കേന്ദ്രത്തിൽ നിന്നാണ്. നമ്മുടെ പഴയ എഞ്ചിനിയറായ ചൗധരി ഇജാസ് സാഹിബ് വളരെ പരിശ്രമത്തോടെ ഇതിന്റെ ധാരാളം ജോലി ചെയ്യിപ്പിച്ചിട്ടുണ്ട്. വളരെ നല്ല നിലയിൽ വിശദമായി നിരീക്ഷിച്ചു കൊണ്ട് അധികചിലവുള്ളത് കുറക്കുകയുണ്ടായി. എന്നാൽ ആ കുറവുകാരണം നിലവാരത്തിൽ ഒരു തരത്തിലുള്ള കോപ്രമൈസും ചെയ്തിട്ടില്ല. യാതൊരു കുറവും വരുത്തിയിട്ടില്ല. അദ്ദേഹം രോഗിയുമാണ്. ആഴ്ചയിൽ ഒന്ന് രണ്ട് വട്ടം ഡയാലിസിസും നടത്തുന്നുണ്ട്. വൃക്കരോഗിയാണ്. എന്നാൽ വളരെ ധീരചിത്തതയോടെ പ്രവർത്തിച്ചു. അല്ലാഹു അദ്ദേഹത്തിനു പ്രതിഫലം നൽകുമാറാകട്ടെ. ഭാവിയിൽ ജമാഅത്തിന് വേണ്ടി പ്രവർത്തിക്കുന്നതിനായി അദ്ദേഹത്തിന് ആരോഗ്യം നൽകുമാറാകട്ടെ.

# PRINTED BOOKS

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 March 29 at : Baithu Rahman,Spain
Translation: T.M.Abdul Mujeeb,Kakkanad - 09946794987

Typing: Nasarudheen A T & SEMIYYA
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**